**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *82 — **27.04.2017-**ൽ മറുപടിക്ക്

## പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങളൊരുക്കാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.റോജി.എം.ജോൺ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും<br>പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 2016-17 ൽ അംബേദ്കർ ഗ്രാമ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങളേർപ്പെടുത്തുന്നതിന് താഴെപ്പറയുന്ന ഇനം പ്രവൃത്തികൾ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. കോളനിക്കുള്ളിലുള്ള റോഡ്/നടപ്പാത<br>2. ആശയ വിനിമയ സംവിധാനം<br>3. കുടിവെള്ള പദ്ധതി<br>4. ഡ്രെയിനേജ് സംവിധാനം<br>5. വൈദ്യുതീകരണം/സോളാർ സിസ്റ്റം<br>6. സോളാർ തെരുവ് വിളക്ക്<br>7. സാനിട്ടേഷൻ<br>8. വീട് പുനരുദ്ധാരണം<br>9. വേസ്റ്റ് മാനേജ്മെന്റ്<br>10. പൊതുസൗകര്യം മെച്ചപ്പെടുത്തൽ, കളിസ്ഥലം മുതലായവ<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ജലസേചന സൗകര്യം<br>13. വനിതകൾക്ക് വരുമാനദായക പദ്ധതികൾ (മൃഗസംരക്ഷണം, കൃഷി, നെയ്ത്ത്, തയ്യൽ തുടങ്ങിയവ) |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പാക്കിവരുന്നതെന്ന് വിശദീകരിക്കുമോ; | (ബി) | അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട സങ്കേതങ്ങളിൽ ആവശ്യാനുസരണം മേൽപറഞ്ഞ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളിൽ ആവശ്യമായവ നടപ്പാക്കുന്നതാണ്. |
| (സി) | പ്രസ്തുത സങ്കേതങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭിക്കുന്നത്; | (സി) | പ്രസ്തുത സങ്കേതങ്ങളിൽ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭിയ്ക്കുന്നതാണ്.<br>1. കോളനിക്കുള്ളിലുള്ള റോഡ്/നടപ്പാത<br>2. കുടിവെള്ള പദ്ധതി<br>3. ഡ്രെയിനേജ് സംവിധാനം<br>4. വൈദ്യുതീകരണം/സോളാർ സിസ്റ്റം<br>5. വീട് പുനരുദ്ധാരണം<br>6. പൊതുസൗകര്യം മെച്ചപ്പെടുത്തൽ, കളിസ്ഥലം മുതലായവ<br>7 സംരക്ഷണ ഭിത്തി നിർമ്മാണം<br>8. ജലസേചന സൗകര്യം<br>9.വേസ്റ്റ് മാനേജ്മെന്റ് |
| (ഡി) | ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ആദ്യഘട്ടമായി 2017-18 വർഷം 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ